ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.04.2024**

## പ്രധാനവാർത്തകൾ

01. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാംഘട്ടത്തിന് വിജ്ഞാപനമിറങ്ങി ; പ്രധാനമന്ത്രി നരേന്ദ്രമോദി കർണാടകത്തിൽ പ്രചാരണത്തിൽ ; കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഗുജറാത്തിൽ വോട്ട് തേടുന്നു.

02. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഉഷ്ണതരംഗ സാഹചര്യമെന്ന് മുന്നറിയിപ്പ് ; സംസ്ഥാനത്ത് ജാഗ്രതാനിർദേശം, അങ്കണവാടി കുട്ടികൾക്ക് ഒരാഴ്ച അവധി.

03. സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം പത്തിരട്ടിയോളം വർധിച്ചെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി.

04. ആലപ്പുഴയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശങ്ങളിൽ വളർത്തുപക്ഷികളെ കൂട്ടത്തോടെ കൊന്ന് കുഴിച്ചിടുന്ന നടപടിക്ക് നാളെ തുടക്കമാകും.

05. കേരളതീരത്ത് ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യത ; തീരവാസികൾക്ക് ജാഗ്രത നിർദേശം ; മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് മത്സ്യതൊഴിലാളി മരിച്ചു

RNUTVPM

**06. ഐഎസ്എൽ ഫൈനലിൽ മോഹൻ ബഗാന്റെ എതിരാളിയെ നിശ്ചയിക്കാനുള്ള പോരാട്ടം ഇന്ന് ; മുംബൈ സിറ്റി-ഗോവ മത്സരം രാത്രി 7.30ന് മുംബൈയിൽ**

************************

**<u>തെരഞ്ഞെടുപ്പ്-പൊതുസ്ഥിതി</u>**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിനുള്ള വിജ്ഞാപനം തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലേയും 57 ലോക്സഭാ സീറ്റുകളിലേക്ക് മെയ് 25 നാണ് വോട്ടെടുപ്പ്. തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിലെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുളള സമയം ഇന്ന് അവസാനിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കർണാടകയിലും മഹാരാഷ്ട്രയിലും പ്രചാരണത്തിനിറങ്ങും. ഉത്തർപ്രദേശിലെ ലഖ്നൗ സീറ്റിലേക്ക് മുതിർന്ന ബിജെപി നേതാവ് രാജ്നാഥ് സിംഗ് ഇന്ന് പത്രിക സമർപ്പിക്കും. ബിജെപി നേതാവ് സ്മൃതി ഇറാനി അമേഠിയിൽ പത്രിക നൽകും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് വടക്കൻ ഗുജറാത്തിലെ പാഠത്തിൽ പ്രചാരണത്തിലാണ്.

RNU TVPM

************************

**<u>ഉഷ്ണതരംഗം</u>**

കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില ഉയർന്നു നിൽക്കുന്നതിനാൽ ഉഷ്ണതരംഗ സാഹചര്യമുണ്ടാകാനിടയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. പാലക്കാട് ജില്ലയിൽ തുടർച്ചായ മൂന്നാംദിവസം താപനില നാല്പത്തിയൊന്ന് ഡിഗ്രിക്ക് മുകളിലാണ്. അടുത്ത മാസം 2 വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 41°C വരെയും, കൊല്ലം, തൃശൂർ ജില്ലകളിൽ 40°C വരെയും, പത്തനംതിട്ട, കോട്ടയം,

കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38°C വരെയും ഉയരുമെന്നാണ് മുന്നറിയിപ്പ്. അടുത്തമാസം രണ്ടുവരെ സംസ്ഥാനത്തെ പന്ത്രണ്ട് ജില്ലയിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇതേതുടർന്ന് കേരളത്തിൽ അതീവജാഗ്രതാനിർദേശം നൽകി. കണ്ണൂരും പാലക്കാടും കഴിഞ്ഞദിവസങ്ങളിൽ സൂര്യതാപമേറ്റുള്ള മരണം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

************************

## അങ്കണവാടി-അവധി

വിവിധ ജില്ലകളിൽ ഉഷ്ണ തരംഗ സാധ്യത നിലനിൽക്കുന്നതിനാൽ സംസ്ഥാനത്തെ അങ്കണവാടികളിലെ പ്രീ സ്കൂൾ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവച്ചു. ഈ കാലയളവിൽ കുട്ടികൾക്ക് നൽകേണ്ട പോഷകാഹാരം വീടുകളിലെത്തിക്കുമെന്ന് സർക്കാർ അറിയിച്ചു.

RNU TVPM

************************

## ഉഷ്ണതരംഗംമുന്നറിയിപ്പ് ... ഇൻട്രോ

തൃശൂർ, പാലക്കാട്, കൊല്ലം ജില്ലകളിൽ ഇന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉഷ്ണതരംഗ സാദ്ധ്യത പ്രവചിച്ചതോടെ ജാഗ്രത പുലർത്തണമെന്ന് മുന്നറിയിപ്പ്. നേരിട്ട് വെയിലേൽക്കുന്ന പുറം ജോലികൾ ക്രമീകരിക്കാൻ നിർദേശമുണ്ട്.

**വിശദാംശങ്ങളിലേക്ക്..**

(വോയ്സ്)

മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ നിക്ഷേപ കേന്ദ്രങ്ങൾ, ചപ്പ് ചവറും ഉണങ്ങിയ പുല്ലും ഉള്ള ഇടങ്ങൾ എന്നീ സ്ഥലങ്ങളിൽ തീപിടിത്ത സാദ്ധ്യത കൂടുതലാണ്. ഇവിടങ്ങളിൽ കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കണം. എല്ലാവിധ

പൊതുപരിപാടികളും വൈകിട്ടേയ്ക്ക് മാറ്റണം, പുറത്തിറങ്ങുന്ന വേളയിൽ തലമറയ്ക്കുന്നവിധം വസ്ത്രംധരിക്കുകയോ കുട ഉപയോഗിക്കുകയോ വേണം. ദാഹം ഇല്ലെങ്കിലും നിർജലീകരണം ഒഴിവാക്കാനായി വെള്ളം കുടിക്കണം. ഗർഭിണികളായ തൊഴിലാളികൾക്ക് പ്രത്യേകശ്രദ്ധ നൽകണം. പകൽ പതിനൊന്നുമുതൽ മൂന്നുവരെ കന്നുകാലികളെ തുറന്ന സ്ഥലങ്ങളിൽ കെട്ടുന്നത് ഒഴിവാക്കണം.പാർക്കുചെയ്യുന്ന വാഹനങ്ങളിൽ കുട്ടികളെ തനിച്ചിരുത്തരുത്. നിർജലീകരണം ഉണ്ടാക്കുന്ന മദ്യം, കാർബണേറ്റഡ് പാനീയങ്ങൾ, ചായ കാപ്പി എന്നിവ പകൽ സമയത്ത് പൂർണ്ണമായും ഒഴിവാക്കണമെന്നും കേന്ദ്രകലാവസ്ഥാവകുപ്പ് നിർദേശം നൽകി. ന്യൂസ് ഡസ്ക്, **ആകാശവാണി.......**

*************************

## ഊട്ടി - താപനില

വിനോദ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായ തമിഴ്നാട്ടിലെ ഊട്ടിയിൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തി. ഇന്നലെ 29 ഡിഗ്രി സെൽഷ്യസാണ് ഊട്ടിയിലെ താപനില. 1951 ൽ രേഖപ്പെടുത്തിയ ഉയർന്ന താപനിലയുടെ റെക്കോർഡാണ് മറികടന്നതെന്ന് ചെന്നൈ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

PNU TVPM

*************************

## ഡോ. അഭിലാഷ് പ്രതികരണം

മെയ് രണ്ടാം വാരത്തിൽ വേനൽ മഴ എത്തുന്നതോടെ കേരളത്തിലെ ഉഷ്ണ തരംഗ സാഹചര്യങ്ങൾക്ക് അയവുണ്ടാകുമെന്ന് കാലാവസ്ഥാ വിദഗ്ധനും കുസാറ്റിലെ റഡാർസെൻറർ മേധാവിയുമായ ഡോ.എസ് അഭിലാഷ് ആകാശവാണിയോട് പറഞ്ഞു..

(വോയ്സ്)

************************

**<u>വൈദ്യുതി</u>**

സംസ്ഥാനത്ത് കൊടുംചൂടും ഉഷ്ണതരംഗവും തുടരവെ വൈദ്യുതി ഉപഭോഗം ഉയർന്നതോതിൽ തുടരുന്നു. മൂന്നാഴ്ചയക്ക് ശേഷം ആകെ വൈദ്യുതി ഉപയോഗം വീണ്ടും 11 കോടി യൂണിറ്റ് കടന്നു. ഇന്നലെ 11.01 കോടി യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിൽ ഉപയോഗിച്ചത്.

************************

**<u>മന്ത്രി കൃഷ്ണൻകുട്ടി പ്രതികരണം</u>**

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം പത്ത് ഇരട്ടിയോളം വർദ്ധിച്ചെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. വൈദ്യുതി ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ കടുത്ത പ്രതിസന്ധി ഉണ്ടാകും. ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാനാണ് സർക്കാർ തീവ്രമായി ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

(വോയ്സ്)

************************

**<u>തിരമാല</u>**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും, തീരപ്രദേശത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം.

RNUTVPM

***********************

## <u>മുതലപ്പൊഴി</u>

തിരുവനതപുരം മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളം മറിഞ്ഞ് ഒരു മരണം. പുതുക്കുറിച്ചി സ്വദേശി ജോണാണ് മരിച്ചത്. പുലർച്ച 3:30 മണിയോടെയായിരുന്നു അപകടം. വള്ളത്തിലുണ്ടായിരുന്ന മറ്റ് അഞ്ച് പേർ നീന്തി രക്ഷപ്പെട്ടു.

***********************

## <u>ലക്ഷദ്വീപ്</u>

ലക്ഷദ്വീപ് പ്രദേശത്ത് മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പ്രദേശത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദേശമുണ്ട്. കേരളത്തിൽ ഇന്നും നാളെയും എട്ട് ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

RNUTVPM

***********************

## <u>പക്ഷിപ്പനി</u>

ആലപ്പുഴ ജില്ലയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശങ്ങളിൽ താറാവുകളെയം മറ്റ് പക്ഷികളെയും കൂട്ടത്തോടെ കൊന്ന് കുഴിച്ചുമൂടുന്ന നടപടിയ്ക്ക് നാളെ തുടക്കമാകും. ഇതിനായി ദ്രുത കർമ്മ സേനയെ നിയോഗിച്ചുണ്ട്. എടത്വ പഞ്ചായത്ത് പത്താം വാർഡിലും അമ്പലപ്പുഴ വടക്കു പഞ്ചായത്ത് ഏഴാം വാർഡിലും തകഴി ഗ്രാമപഞ്ചായത്ത് നാലാം വാർഡിലും ആണ് പക്ഷിപനി സ്ഥിരീകരിച്ചത്.

***********************

## സിപിഐ എം യോഗം

സി പി ഐ എം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പ് അവലോകനമാണ് മുഖ്യ അജണ്ട. എൽ ഡി എഫ് കൺവീനർ ഇ പി ജയരാജനും പങ്കെടുക്കുന്നുണ്ട്.

**************************

## കണ്ണൂർ ... ഇൻട്രോ

കഥാപ്രസംഗ കലയെ പരിപോഷിപ്പിക്കുന്നതിനായി കണ്ണൂർ പോത്താങ്കണ്ടം ആനന്ദഭവനത്തിന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ മൂന്നാമത് കഥാപ്രസംഗ മഹോത്സവത്തിന് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

RNU TVPM

**************************

## ഐ എസ് എൽ

ഐഎസ്എല്ലിൽ ഇന്ന് നടക്കുന്ന രണ്ടാം പാദസെമിയിൽ മുംബൈ സിറ്റി, ഗോവയെ നേരിടും. രാത്രി 7.30ന് മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം. ഇന്നത്തെ മത്സരത്തിലെ വിജയി മേയ് 4 ന് നടക്കുന്ന ഫൈനലിൽ മോഹൻ ബഗാനുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന രണ്ടാം പാദ സെമിയിൽ മോഹൻ ബഗാൻ ഒഡീഷ എഫ്സിയെ പരാജയപ്പെടുത്തി ഫൈനലിൽ കടന്നു.

**************************

## ഐ പി എൽ

ഐപിഎല്ലിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപ്പിറ്റൽസിനെ നേരിടും. രാത്രി 7.30ന് കൊൽക്കത്ത ഈഡൻ ഗാർഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം. പോയിന്റ് പട്ടികയിൽ കൊൽക്കത്ത രണ്ടാമതും ഡൽഹി ആറാമതുമാണ്.

************************

## സ്വർണം

സംസ്ഥാനത്ത് മൂന്ന് ദിവസത്തിന് ശേഷം സ്വർണ വില താണു. പവന് 240 രൂപ കുറഞ്ഞ് 53,240 രൂപയാണ് ഇന്നത്തെ വില.

************************

## മാഹി പാലം

അറ്റകുറ്റ പണികൾക്കായി കണ്ണൂർ- കോഴിക്കോട് ദേശീയപാതയിലെ മാഹി പാലം 12 ദിവസത്തേക്ക് അടച്ചു. പാലം വഴിയുള്ള ഗതാഗതം പൂർണ്ണമായും നിരോധിച്ചു. കോഴിക്കോട് നിന്ന് കണ്ണൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ കുഞ്ഞിപ്പള്ളിയിൽ നിന്ന് തിരിഞ്ഞ് മോന്താൽ വഴി പോകണം. കണ്ണൂരിൽ നിന്ന് കോഴിക്കോട്ടേക്ക് പോകുന്ന വാഹനങ്ങൾ തലശ്ശേരിയിലെ ചൊക്ലി മേക്കുന്ന് വഴി പോകണം.

PNU TVPM

************************

## കണക്കെടുപ്പ്

മൂന്നാർ രാജമലയിൽ വരയാടുകളുടെ കണക്കെടുപ്പ് ആരംഭിച്ചു. ഇരവികുളം ദേശീയോദ്യാനത്തിന്റെ ഭാഗമായി വരുന്ന ചിന്നാർ,

ഇരവികുളം, പാമ്പാടുംചോല എന്നിവിടങ്ങളിലാണ് നാലുദിവസം നീളുന്ന വരയാടുകളുടെ കണക്കെടുപ്പ് നടക്കുന്നത്.

***********************

**<u>വെള്ളാനിക്കര കൊലപാതകം</u>**

തൃശൂർ വെള്ളാനിക്കര അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ രണ്ട് സെക്യൂരിറ്റി ജീവനക്കാരെ മരിച്ചനിലയിൽ കണ്ടെത്തി. വെള്ളാനിക്കര സ്വദേശികളായ അരവിന്ദാക്ഷൻ, ആന്റണി എന്നിവരാണ് മരിച്ചത്.

***********************

**<u>ചെന്നൈ ഇരട്ടകൊലപാതകം</u>**

ചെന്നൈയിൽ മലയാളിദമ്പതികൾ കഴുത്തറുത്ത് കൊല്ലപ്പെട്ടനിലയിൽ. ചെന്നൈ ആവഡിയിൽ സ്ഥിരതാമസമാക്കിയ മുൻസൈനികനും സിദ്ധ ഡോക്ടറുമായ ശിവൻ നായർ, ഭാര്യ പ്രസന്നകുമാരി എന്നിവരാണ് കൊല്ലപ്പെട്ടത്. വീട്ടിൽ നിന്നും 100 പവനോളം സ്വർണ്ണം നഷ്ടമായതായി റിപ്പോർട്ടുണ്ട്.

******************************************************************************

***********************

RNU TVPM